'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ. മുരളീധരനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.476/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 26/02/2020**

---

പരാമർശം:- 1 സർക്കാരിന്റെ 16.06.2018-ലെ ഇപിബി3/135/2018/തസ്വഭവ നമ്പർ കുറ്റപത്രം

2 പഞ്ചായത്ത് ഡയറക്ടറുടെ 08.08.2018-ലെ ഡി5-2861/2016 നമ്പർ കത്ത്

3 സർക്കാരിന്റെ 28.01.2019-ലെ ഇപിബി3/135/2018/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. കെ. മുരളീധരൻ സമർപ്പിച്ച 31.03.2019-ലെ പ്രതിവാദ പത്രിക

5 സ.ഉ.(സാധാ) നം.1432/2019/തസ്വഭവ തീയതി 10.07.2019

6 പഞ്ചായത്ത് ഡയറക്ടറുടെ 01.09.2019-ലെ PAN/22254/2018-D1(DP) നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ട്

## ഉത്തരവ്

പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിൽ, പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഇന്റേണൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധനയിൽ ക്ലാർക്ക് തസ്തികയിലെ നിയമനാധികാരിയായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമന ശുപാർശ ചെയ്യുന്ന മുഴുവൻ ഉദ്യോഗാർത്ഥികൾക്കും അഡ്വൈസ് സീനിയോറിറ്റി പ്രകാരം നിയമന ഉത്തരവ് നൽകുന്നതിന് പകരം എല്ലാ ഉദ്യോഗാർത്ഥികളെയും വെരിഫിക്കേഷന് വേണ്ടി ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ ഹാജരാകുവാൻ നിർദ്ദേശം നൽകി കത്ത് നൽകുകയും പ്രസ്തുത കത്ത് കൈപ്പറ്റി വെരിഫിക്കേഷന് ഹാജരാകാത്ത ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകാതെ തന്നെ ഒഴിവുകൾ എൻ.ജെ.ഡി ആയി കണക്കാക്കി പി.എസ്. സി യ്ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തതായും കണ്ടെത്തി. അന്വേഷണ റിപ്പോർട്ടിലെ പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം ശ്രീ. കെ. മുരളീധരനെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരവേ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. കെ. മുരളീധരന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/-രൂപാ വീതം 2 വർഷത്തേക്ക് കുറവ് വരുത്താമെന്ന് താൽക്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. കെ. മുരളീധരൻ പരാമർശം (4) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി. തുടർന്ന് ശ്രീ. കെ. മുരളീധരനെതിരെ കാരണം കാണിക്കൽ

നോട്ടീസ് നൽകി അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതിനാൽ ടിയാനെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി പരാമർശം ( 5 ) പ്രകാരം പഞ്ചായത്ത് ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (6) പ്രകാരം ഔപചാരിക അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.

1. പി.എസ്.സി.യുടെ അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥികൾ, നിയമനാധികാരിയുടെ ഉത്തരവ് ലഭിച്ചിട്ടും ടിയാൻ നിർദിഷ്ട ജോയ്നിങ് സമയത്തിനകം ജോയിൻ ചെയ്തില്ല/ജോയിനിംഗ് സമയം ദീർഘിപ്പിച്ച് നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല/ജോയിനിംഗ് സമയം ദീർഘിപ്പിച്ച് നൽകണമെന്ന അപേക്ഷ നിരസിക്കപ്പെട്ടിട്ടും നിർദിഷ്ട സമയപരിധി കഴിഞ്ഞു ഉദ്യോഗാർത്ഥി ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്നീ അവസ്ഥകളിലാണ് പി.എസ്.സി.ക്ക് എൻ.ജെ.ഡി. (Non Joining Duty) റിപ്പോർട്ട് ചെയ്യേണ്ടത് എന്ന വ്യവസ്ഥ പാലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നില്ല.

2. എൻ.ജെ.ഡി. റിപ്പോർട്ട് ചെയ്ത 2 7 പേരെയും അന്വേഷണത്തിന്റെ ഭാഗമായി 09.11.2017 ൽ പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ വച്ച് ശ്രീ.എം.എസ്. നാരായണൻ നമ്പൂതിരി നേരിൽ കേൾക്കുന്നതിന് കത്ത് നൽകുകയും ഹാജരായ 1 0 പേർക്കും മറ്റ് ജോലിയുള്ളതിനാലാണ് പ്രമാണ പരിശോധനക്ക് ഹാജരാകാതിരുന്നത് എന്ന് മൊഴി നല്കിയിട്ടുള്ളതായി കാണുന്നു.

3. കൂടാതെ ഔപചാരിക അന്വേഷണത്തിനായി ടി 27 പേർക്കും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തരം രജിസ്റ്റേർഡ് കത്ത് നൽകിയിരുന്നു. ടിയാളുകൾ ആരും തന്നെ നാളിതുവരെ ആക്ഷേപം ഉന്നയിച്ച് പഞ്ചായത്ത് ഡയറക്ടറേറ്റിലേക്കോ, പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലേക്കോ പരാതി നല്കിയിട്ടുള്ളതായി കാണുന്നില്ല.

4. ശ്രീ.എം.എസ്.നാരായണൻ നമ്പൂതിരി സർക്കാരിലേക്ക് സമർപ്പിച്ച റിപ്പോർട്ടിൽ മറ്റൊരാൾ പേന കൊണ്ട് തനിക്കെതിരായ വരികൾ കൂട്ടിച്ചേർത്തു എന്ന കുറ്റാരോപിതന്റെ ആരോപണം ശരിയല്ല. പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ച 22.02.2018 ലെ ഇ6-7487/2016 നമ്പർ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും (E-office Receipt No. 2289422/2018/LSGD (OS)) പകർപ്പ് എടുത്ത് പരിശോധിച്ചു. ആയതിൽ പേന കൊണ്ട് യാതൊന്നും എഴുതി ചേർത്തിട്ടില്ല. ശ്രീ. എം.എസ്. നാരായണൻ നമ്പൂതിരിയാണ് ടി റിപ്പോർട്ട് ഒപ്പിട്ട് സർക്കാരിലേക്ക് സമർപ്പിച്ചിരിക്കുന്നത്.

5. മേൽ വിഷയങ്ങളും രേഖകളും വിശദമായി പരിശോധിച്ചതിൽ നിന്നും പ്രമാണ പരിശോധനക്ക് ഹാജരാകാതിരുന്ന 2 7 പേർക്ക് നിയമനം നൽകിയില്ല എന്ന കുറ്റാരോപണം ടി ഉദ്യോഗാർത്ഥികൾക്ക് പരാതികളില്ലാത്തതിനാലും പി.എസ്.സി. യുടെ സാധൂകരണമുള്ളതിനാലും ലഘൂകരിക്കാവുന്നതാണ്.

6. ഇതേ വിഷയം സംബന്ധിച്ച് പി.എസ്.സി. പാലക്കാട് ജില്ലാ ഓഫീസർ നൽകിയിരിക്കുന്ന കത്ത് പ്രകാരം നിയമനാധികാരി അഡ്വൈസ് ചെയ്യപ്പെട്ടിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് വസ്തുതകൾ ബോധ്യപ്പെടേണ്ടത് നിയമനാധികാരിയുടെ ഉത്തരവാദിത്തമാണെന്ന് പരാമർശിച്ചിട്ടുണ്ട്.

7. പാലക്കാട് ജില്ലയിൽ മുൻപുണ്ടായിട്ടുള്ള നിയമനതട്ടിപ്പുമായി ബന്ധപ്പെട്ട് അന്നത്തെ ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിരുന്നു. ആയത് കണക്കിലെടുക്കുമ്പോൾ

ശ്രീ.കെ.മുരളീധരൻ നടത്തിയ പരിശോധന സാധൂകരിക്കത്തക്കതാണ്.

8. പി.എസ്.സി. പാലക്കാട് ജില്ലാ ഓഫീസിൽ നിയമന ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുന്നതിന് പകരം അവരെ പ്രമാണ പരിശോധനക്ക് വിളിച്ച ശേഷം ഹാജരാകാത്തവരുടെ പേര് എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്തതിന്റെ ഭാഗമായി ഏതെങ്കിലും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടില്ലാത്തതായി കാണുന്നില്ല.

തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ശ്രീ. കെ. മുരളീധരനെ നേരിൽ കേട്ടു. പാലക്കാട് ജില്ലയിൽ കൃത്രിമ രേഖ ചമച്ച് പബ്ലിക് സർവീസ് കമ്മീഷനെയും പഞ്ചായത്ത് വകുപ്പിനെയും തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ഒരു ഉദ്യോഗാർത്ഥി നിയമനം നേടിയ സംഭവം ഉണ്ടാവുകയും അതിന്റെ പരിണിതഫലമായി അന്നുണ്ടായിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഉൾപ്പെടെ ജീവനക്കാർ ആവശ്യമായ ജാഗ്രത നിയമനം നടത്തുന്ന സമയത്ത് നടത്തിയില്ല എന്ന കാരണത്താൽ ശിക്ഷണ നടപടിയ്ക്ക് വിധേയമാവുകയും ചെയ്തിരുന്നുവെന്നും കൂടാതെ 2013-ൽ പേഴ്സണൽ & അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് വകുപ്പ് പ്രസിദ്ധപ്പെടുത്തിയ ഓൺ വെരിഫിക്കേഷൻ ഓഫ് അപ്പോയ്റ്റ് മെന്റ്സ് ഇൻ പഞ്ചായത്ത് ഡിപ്പാർട് മെന്റ്സ് എന്ന റിപ്പോർട്ടിൽ പഞ്ചായത്ത് വകുപ്പിൽ 01.01.2001 മുതൽ 31.12.2010 വരെ നടന്ന നിയമനങ്ങൾ പരിശോധിച്ച് കണ്ടെത്തിയ അപാകതകൾ വിവരിക്കുന്നുണ്ടെന്നും ഈ വസ്തുതകളുടെ വെളിച്ചത്തിലാണ് പബ്ലിക് സർവീസ് കമ്മീഷൻ ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികളെ വെരിഫിക്കേഷന് വിളിച്ച വരുത്തിയത് എന്നും അല്ലാതെ തന്റെ ഭാഗത്തുനിന്നും ഈ കാര്യത്തിൽ യാതൊരുവിധ വീഴ്ചയും സംഭവിച്ചിട്ടില്ലായെന്നും ശ്രീ. കെ. മുരളീധരൻ ബോധിപ്പിച്ചിട്ടുണ്ട്.

ഔപചാരിക അന്വേഷണ റിപ്പോർട്ടിന്റെയും നേരിൽ കേട്ടവേളയിൽ ശ്രീ. കെ. മുരളീധരൻ ബോധിപ്പിച്ച വാദങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പി.എസ്.സി. അഡൈ്വസ് ചെയ്യപ്പെട്ടിരിക്കുന്ന ഉദ്യോഗാർഥികളുടെ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച് വസ്തുതകൾ ബോധ്യപ്പെടേണ്ടത് നിയമനാധികാരിയുടെ ഉത്തരവാദിത്തമായതിനാൽ പ്രസ്തുത നടപടിയിൽ തെറ്റുള്ളതായി കാണുന്നില്ല. കൂടാതെ പാലക്കാട് ജില്ലയിൽ മുൻപുണ്ടായിട്ടുള്ള നിയമനതട്ടിപ്പുമായി ബന്ധപ്പെട്ട് അന്നത്തെ ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിരുന്നുയെന്നത് കണക്കിലെടുക്കുമ്പോൾ ശ്രീ. കെ. മുരളീധരൻ നടത്തിയ പരിശോധന സാധൂകരിക്കത്തക്കതാണ്. എന്നാൽ PSC യുടെ നിയമന ശുപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾ നിയമനാധികാരിയുടെ ഉത്തരവ് ലഭിച്ചിട്ടും നിർദ്ദിഷ്ട പ്രവേശനകാലാവധിക്കകം ജോലിയിൽ പ്രവേശിച്ചില്ല/ പ്രവേശനകാലം ദീർഘിപ്പിച്ച് നൽകുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടില്ല/ പ്രവേശനകാലം ദീർഘിപ്പിച്ച് നൽകണമെന്ന അപേക്ഷ നിരസിക്കപ്പെട്ടിട്ടും നിർദ്ദിഷ്ട സമയപരിധി കഴിഞ്ഞും ഉദ്യോഗാർത്ഥി ജോലിക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്നീ അവസ്ഥകളിലാണ് PSC യ്ക്ക് NJD റിപ്പോർട്ട് ചെയ്യേണ്ടത് എന്നിരുന്നാലും നിയമന ശുപാർശ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകുന്നതിന് പകരം അവരെ പ്രമാണ പരിശോധനക്ക് വിളിച്ച ശേഷം ഹാജരാകാത്തവരുടെ പേര് എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്തതിന്റെ ഭാഗമായി ഏതെങ്കിലും ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടില്ലായെന്ന് പരാതിയൊന്നും ലഭിച്ചിട്ടില്ലാത്തതിനാലും പെൻഷനിൽ നിന്ന് തുക കുറവുചെയ്യാൻ തക്ക ഗുരുതര വീഴ്ച കുറ്റാരോപിതന്റെ ഭാഗത്ത്നിന്നും ഉണ്ടായിട്ടില്ല എന്നതു പരിഗണിച്ചും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന ശ്രീ. കെ. മുരളീധരനെതിരായ അച്ചടക്ക നടപടിയിൽ നിന്നും ടിയാനെ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതു സംബന്ധിച്ചുള്ള തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. കെ. മുരളീധരൻ, മുൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/135/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ